"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി) (ശമ്പള സ്കെയിൽ 56500 -118100) തസ്തിക ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിസിറ്റി) (ശമ്പള സ്കെയിൽ 77200-140500) തസ്തികയായി പു:നസ്ഥാപിച്ച നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.7/2026/SCSTD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. G.O (Rt) 21/2000/SCSTDD Dated 11.01.2000
2. G.O (Rt) 509/2000/SCSTDD Dated 20.07.2000
3. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 22.01.2026 ലെ STDD/212/2026-E1 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികവർഗ്ഗ വികസന വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിസിറ്റി) തസ്തിക സൃഷ്ടിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ നെടുമങ്ങാട് ഐ.ടി.ഡി പ്രോജക്ട് ഓഫീസിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർക്ക് സ്ഥാനക്കയറ്റം നൽകി ടി തസ്തികയിൽ നിയമിക്കുന്നതിനായി ടി ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിസിറ്റി) തസ്തിക, അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി) ആയി താൽക്കാലികമായി ഡൗൺ ഗ്രേഡ് ചെയ്തുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവാകുകയും തുടർന്ന് അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി) തസ്തികയിൽ നിയമനം നടത്തി വരികയുമാണ് ചെയ്തു വരുന്നത് എന്നും താൽക്കാലികമായി ഡൗൺ ഗ്രേഡ് ചെയ്ത അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി) തസ്തിക ഡെപ്യൂട്ടി ഡയറക്ടർ(പബ്ലിസിറ്റി) തസ്തികയായി പുനസ്ഥാപിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) നിലവിൽ വകുപ്പ് ഡയറക്ടറേറ്റിൽ ഒരു ജോയിന്റ് ഡയറക്ടർ തസ്തികയും, ഒരു ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) തസ്തികയുമാണ് ഉള്ളതെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് നിലവിലുള്ള പദ്ധതികൾക്ക് പുറമേ ഓരോ വർഷവും പട്ടികവർഗ്ഗവിഭാഗക്കാർക്ക് വേണ്ടി നിരവധി പുതിയ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്നും വകുപ്പ് നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികളായ PMJANMAN, DAJGUA ഉൾപ്പെടെ വിവിധ പദ്ധതികളുടെയും നോഡൽ ഓഫീസർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥരാണെന്നും പട്ടികവർഗ്ഗക്കാരുടെ നൈപുണ്യ വികസനവും എംപ്ലോയബിലിറ്റിയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി നൂതനങ്ങളായ പരിശീലന പരിപാടികളും വകുപ്പ് നടപ്പിലാക്കുന്നുണ്ടെന്നും പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കിടയിലെ അസമത്വങ്ങൾ ഇല്ലാതാക്കി അവരുടെ സാമ്പത്തിക വളർച്ച, സാമൂഹിക

ശാക്തീകരണം, വിദ്യാഭ്യാസം, നൈപുണ്യ വികസനം, മെച്ചപ്പെട്ട അടിസ്ഥാന ഭൗതിക സാഹചര്യങ്ങളുടെ ഉറപ്പാക്കൽ, തനതായ കലാ-സാംസ്കാരിക പൈതൃകങ്ങളുടെ ഉദ്ബോധനം, കായികശേഷി പരിപോഷിക്കൽ, ശുദ്ധജല ലഭ്യത, ആരോഗ്യപരമായ അന്തരീക്ഷം എന്നിവ ഉറപ്പു വരുത്തുന്നതിനുള്ള വിവിധങ്ങളായ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ടെന്നും ഇതിനെപ്പറ്റിയുള്ള അവബോധം എല്ലാ മേഖലയിലുമുള്ള പട്ടികവർഗ്ഗജനവിഭാഗങ്ങളിലേക്ക് യഥാസമയം വേണ്ടത്ര പ്രാധാന്യത്തോടെ എത്തിക്കേണ്ടതുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ച് 50 വർഷം പൂർത്തീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ പബ്ലിസിറ്റി വിംഗിനെ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന് പബ്ലിസിറ്റി വിംഗിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം അനിവാര്യമാണെന്നും ഡെപ്യൂട്ടി ഡയറക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ കൂടി സേവനം വകുപ്പിലെ മോണിട്ടറിംഗ് സംവിധാനത്തെ കുറേക്കൂടി കാര്യക്ഷമമാക്കാൻ സഹായകരമാക്കുമെന്നും ആയതിനാൽ താൽക്കാലികമായി ഡൗൺ ഗ്രേഡ് ചെയ്ത അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി) തസ്തിക ഡെപ്യൂട്ടി ഡയറക്ടർ(പബ്ലിസിറ്റി) തസ്തികയായി പുനസ്ഥാപിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ താൽക്കാലികമായി ഡൗൺ ഗ്രേഡ് ചെയ്തിട്ടുള്ള അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി) (ശമ്പള സ്കെയിൽ 56500 -118100) തസ്തിക, **ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിസിറ്റി)** (ശമ്പള സ്കെയിൽ 77200-140500) തസ്തികയായി പുന:സ്ഥാപിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡീഷണൽ സെക്രട്ടറി

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (WW3/34/2026-FIN dated 12.03.2026)
ഐ&.പി.ആർ. വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്പട്ടികജാതി പട്ടികവർഗ്ഗ
വികസനവകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്